# കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല

## നടപടിക്രമം

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല, പനങ്ങാട് - വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് ഫീസ് ഒടുക്കുന്നതിനുള്ള രീതികൾ സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ 06.12.2019 തീയതിയിലെ ഉത്തരവിൻ പ്രകാരം കാലാനുസൃതമായി പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവാകുന്നു.

**പൊ തു ഭ ര ണം**

നം. ജി.എ6/3791/2012 പനങ്ങാട്, തീയതി: 22.02.2020.

പരാമർശം:
1) 01.04.2006 ലെ സ.ഉ (സാധാ) 2386/2006/പൊ.ഭ.വ നമ്പർ ഉത്തരവ്.
2) 18.12.2007 ലെ പൊതുഭരണ (ഏകോപനം) വകുപ്പിന്റെ ഉത്തരവ് നമ്പർ ജി.ഒ (പി) 540/2007 ജി.എ.ഡി.
3) 28.05.2008 ലെ പൊതു ഭരണ (ഏകോപനം) വകുപ്പിന്റെ ഉത്തരവ് നമ്പർ 29950 സി.ഡി.എൻ 5/2008/ജി.എ.ഡി.
4) 09.05.2018 തീയതിയിലേയും, 28.12.2019 തീയതിയിലേയും ഇതേ നമ്പർ ഉത്തരവ്.
5) സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ C.P.No. 742(3)/2019/SIC 06.12.2019 തീയതിയിലെ ഉത്തരവ്.

## ഉത്തരവ്

മേൽ പരാമർശിച്ച 1-ാം നമ്പർ സർക്കാർ ഉത്തരവിൽ വിവരാവകാശ നിയമം 2005 പ്രകാരം, പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭിക്കുന്നതിന് കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്ക് ചെക്ക്, പേ ഓർഡർ എന്നിവ മൂലം ഫീസ് ഒടുക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രീതികളിൽ ഫീസ് അടക്കുന്നത് കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയ്ക്ക് റവന്യൂ വരുമാനം നേരിട്ട് ലഭിക്കുന്നില്ല എന്ന ന്യൂനത പരിഹരിച്ചുകൊണ്ട് സൂചന (4) പ്രകാരം ഉത്തരവായിരുന്നു. 06.12.2019 ലെ വിവരാവകാശ കമ്മീഷൻ നടത്തിയ ഹിയറിംഗിൽ നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സൂചന (5) ലെ ഉത്തരവ് അനുസരിച്ച് ഇതിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ സർവകലാശാല നിർബന്ധിതമായിരിക്കുകയാണ്.

മേൽ സൂചന 2, 3, 5 ഉത്തരവുകൾക്ക് അനുസൃതമായി കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ വിവരാവകാശ നിയമം 2005 അനുസരിച്ച് ഫീസ് ഒടുക്കേണ്ട രീതികൾ ഇനിമുതൽ താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്നായിരിക്കണമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

| | |
|---|---|
| 1 | നേരിട്ട് കുഫോസ് ക്യാഷ് കൗണ്ടറിൽ പണമടക്കുക |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വൈറ്റില ബ്രാഞ്ചിൽ മാറിയെടുക്കാവുന്ന രീതിയിൽ ഫിനാൻസ് ഓഫീസർ കുഫോസ് എന്ന പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നൽകുക |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വൈറ്റില ബ്രാഞ്ചിലെ (IFSC No: SBIN0070517) SB A/C No.67149674791 എന്ന ഫിനാൻസ് ഓഫീസർ, കുഫോസിന്റെ അക്കൗണ്ട് മുഖേന പണമടക്കുക |
| 4 | ഫിനാൻസ് ഓഫീസർ, കുഫോസിന്റെ പേരിലുള്ള മണി ഓർഡർ |
| 5 | ഫിനാൻസ് ഓഫീസർ, കുഫോസിന്റെ പേരിലുള്ള പോസ്റ്റൽ ഓർഡർ |

ആയതിനാൽ മേൽ പറഞ്ഞ രീതികളിൽ മാത്രം ടി നിയമം അനുസരിച്ച് ഫീസ് അടക്കേണ്ടതാണെന്നും, കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ എന്നിവ സ്വീകരിക്കുന്നതല്ലന്നും ഉത്തരവാകുന്നു. ഈ ഉത്തരവിന്റെ പ്രാബല്യം, ഉത്തരവ് തീയതി മുതലായിരിക്കുന്നതാണ്.

അപേക്ഷയോടൊപ്പം അപേക്ഷകൻ ഏതുവിധേനയാണ് ഫീസ് ഒടുക്കിയിട്ടുള്ളത് എന്ന വ്യക്തമാക്കുന്ന വിവരങ്ങളും ബന്ധപ്പെട്ട രേഖകളും സമർപ്പിക്കേണ്ടതാണ്.

**(ഒപ്പ്)**

**രജിസ്ട്രാർ I/C**

സ്വീകർത്താക്കൾ : ഫിനാൻസ് ഓഫീസർ/നോട്ടീസ് ബോർഡ്/ദി ഹെഡ്, ഫിഷറീസ് സ്റ്റേഷൻ, പുതുവൈപ്പ്/സിസ്റ്റം മാനേജർ

പകർപ്പ്: സെക്രട്ടറി, ഫിഷറീസ് വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം, അഡീഷണൽ സെക്രട്ടറി, പൊതുഭരണം (ഏകോപനം) വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം/സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം/സ്കൂൾ ഡയറക്ടർമാർ/ഡെപ്യൂട്ടി രജിസ്ട്രാർ/കുഫോസ് വെബ് സൈറ്റ്/എസ്.എഫ്/റക്കോർഡ്/PIOs/APIO/Appellette

**//ഉത്തരവിൻ പ്രകാരം//**

**അസിസ്റ്റന്റ് രജിസ്ട്രാർ(എസ്റ്റാ-I)**

എം/ആർ